## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 32

10/06/2013 ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ ഭേദഗതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമുദായ സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നതിന് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിൽ വരുത്തിയ ഭേദഗതി വിശദമാക്കാമോ; | (എ) സംസ്ഥാന സർക്കാർ ജീവനക്കാർ സമുദായ സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നത് വിലക്കുന്നതിന് പെരുമാറ്റച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സർക്കാർ ജീവനക്കാർക്ക് ജാതിമതസംഘടനകളിൽ അംഗങ്ങളാകുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) സർക്കാർ ജീവനക്കാർ സാമൂഹിക, ശാസ്ത്ര, സാഹിത്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനിൽ ഭാരവാഹിത്വം വഹിക്കുന്നതിന് സർക്കാർ ജീവനക്കാർക്ക് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ചാരിറ്റബിൾ ശാസ്ത്ര/സാഹിത്യ സൊസൈറ്റി അല്ലെങ്കിൽ ട്രസ്റ്റ് അല്ലെങ്കിൽ സംഘടനയുടെ ഭാരവാഹിത്വമെടുക്കുന്ന സർക്കാർ ജീവനക്കാർ ആ വിവരം ഒരു മാസത്തിനകം സർക്കാരിനെ അറിയിക്കേണ്ടതും, സർക്കാർ ജീവനക്കാർ ആ സൊസൈറ്റിയുടെയോ ട്രസ്റ്റിന്റെയോ സംഘടനയുടെയോ ഭാരവാഹിയായി തുടരുന്നത് പൊതുതാത്പര്യത്തിലല്ല എന്ന് സർക്കാർ തീരുമാനിക്കുന്ന പക്ഷം അയാൾ അത്തരം പദവിയിൽ നിന്ന് രാജിവെയ്ക്കേണ്ടതുമാണ് എന്ന വ്യവസ്ഥ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ